മിസ്റ്റർ കെ. ടി. അച്യുതൻ: ഗവണ്മെണ്ടിന്നു ഈ കാര്യം കച്ചവടക്കാരെ ഏല്പിച്ചു കൂടെ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഗവണ്മെണ്ടിന്റെ അടുത്തു സ്റ്റോക്കില്ലെന്നുണ്ടെങ്കിൽ ഉപ്പു കിട്ടാത്ത ബുദ്ധിമുട്ടു വരാൻ എളുപ്പമുണ്ട്. ഇപ്പോൾ വില കുറയുവാനുള്ള കാരണം മദ്രാശി സംസ്ഥാനത്തു വളരെ അധികം ഉണ്ടാക്കുന്നതു കൊണ്ടാണു്. ഇങ്ങോട്ടു ഉപ്പു കടത്താൻ പാടില്ലെന്നു അവർ തടഞ്ഞാൽ നമുക്കു ഉപ്പു കിട്ടിയില്ലെന്നു വന്നേക്കാം. നമുക്കു ഉപ്പു കിട്ടിയില്ലെങ്കിൽ ആ സമയത്തുണ്ടാക്കുവാൻ സാധ്യമല്ല. തിരുവിതാംകൂറിനെ ആശ്രയിച്ചാണു് ഇപ്പോൾ നില നിന്നു വരുന്നതു്. അതുകൊണ്ടു് ഇവിടെ ഉപ്പുണ്ടാക്കുവാൻ ശ്രമിച്ചതുകൊണ്ടു് വിഷമമില്ല.

MEASURES ADOPTED FOR GETTING MORE PADDY AND RICE

47. (84) **Dr. (Mrs.) T. Francis** *(Ernakulam-Women):* Will Government be pleased to state the different ways and means by which the Government is endeavouring to get more paddy or rice in the State?

Mr. E. Ikkanda Warriar *(Prime Minister):* The following are the main measures adopted for getting more paddy and rice in the State.—

(1) Repeated representations have heen made and are being made to the Central Government to allot adequate quantity of rice to the State.

(2) With a view to make more paddy available for purchase from the State, the following steps have been taken.—

(*a*) For increasing production of paddy, fresh cultivable areas are being arranged to be cultivated, granting special food production leases with nominal rates fixed.

(*b*) Continuance of the concession of not levying the occasional double crop charges.

(*c*) Waiving of penal water cess on new conversions.

(*d*) Many minor and major irrigation works including lift irrigation, have been taken up by the State, in order to irrigate more lands, so that double crop may be raised in single crop lands and to convert new lands into paddy fields. Special repairs to bunds are also effected in places where ingress of salt water is apprehended.

(*e*) Keeping lands fallow has been penalised with a view to compel the owners of lands to cultivate and cultivation measures are also adopted to dissuade them from cultivating other crops in the lands used for raising food crops.

(*f*) Sale of manure at subsidised rates.

(*g*) Supply of agricultural implements to cultivators at comparatively cheap rates.

(*h*) Seeds for cultivation are being supplied to cultivators who require them.

(*i*) For purchases of paddy from actual cultivators, including those purchased on behalf of the jenmies, the actual cultivators are being paid an enhanced cost of 2 annas per para.

(*j*) Actual cultivators are also encouraged by giving enhanced paddy allowance.

And (*k*) To make procurement of surplus paddy in the State more successful, several items of paddy allowances, such as payments in kind, which used to be given in previous years have been stopped and allowances under certain items have been reduced.

Mr. President. In view of the long answer, I suppose it can be taken as read and supplementary questions may be put.

ഡോക്ടർ മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: നമ്മുടെ രാജ്യത്തുള്ള ആളുകൾക്കു ഇപ്പോൾ കൊടുക്കുന്ന രീതിയിൽ കൊടുക്കാനുള്ള റേഷൻ സെൻട്രൽ ഗവണ്മെണ്ടിൽ നിന്നു കിട്ടുമോ എന്നു പറയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: കഴിഞ്ഞാഴ്ചയിൽ നടന്ന കോൺഫ്രൻസിൽ കട്ടി ഇപ്പോൾ കൊടുക്കുന്ന റേഷനിൽ കുറയാത്ത വിധത്തിലുള്ള കോട്ട അനുവദിച്ചു തരാമെന്നിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: നമുക്കിവിടെ വിതരണത്തിന്നു ആവശ്യമുള്ള റൈസ് അവർ തരുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ജനുവരി കഴിഞ്ഞു കിട്ടിയതു് ൫,൦൦൦ ടൺസ് ഉണ്ടാകും.

മിസ്റ്റർ പി. കെ. ഡീവർ: കഴിഞ്ഞ ആണ്ടിൽ കിട്ടിയതിനേക്കാൾ കൂടുതൽ കിട്ടുന്നുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: വളരെ കൂടുതലില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. കുഞ്ഞൻകുട്ടിമേനോൻ: യഥാർത്ഥ കർഷകനിൽനിന്നും എടുക്കുന്ന നെല്ലിന്റെ വില കൂട്ടുവാൻ വല്ല ആലോചനയുമുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: കൂട്ടി കൊടുക്കേണ്ട കാര്യത്തെപ്പറ്റി ആലോചിക്കുന്നുണ്ട്.

മിസ്റ്റർ പി. കെ. കുഞ്ഞൻകുട്ടിമേനോൻ: കൃഷിച്ചിലവു മുമ്പിലത്തേതിലും കൂടിട്ടുണ്ടെന്നു അഗ്രേറിയൻ കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടില്ലേ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അവക്കു വളം മുതലായതു കൊടുത്താൽ കൊള്ളാമെന്നു പറഞ്ഞിട്ടുണ്ട്. നെല്ലിന്റെ വില കൂട്ടുവാൻ സാധിക്കുമോ എന്നു ആലോചിക്കുന്നുണ്ട്.

മിസ്റ്റർ പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഇപ്പോഴത്തെ നെല്ലിനു കൊടുക്കുന്ന വില കുറവായതുകൊണ്ടു് വല്ലവരും കൃഷിചെയ്യാതെ ഇരിക്കുന്നുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അങ്ങിനെയുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ: ഞാൻ ചിറ്റൂരിൽനിന്നു വരുന്നവഴി മാത്തൂകാതോട്ടത്തിൽ കൃഷിചെയ്യാതെ സ്ഥലം വെറുതെ കിടക്കുന്നതായി കണ്ടു.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഒരു പൂവ് കഴിഞ്ഞിട്ടുണ്ടാമത്തെ പൂവിനു നിലം വറിച്ചു് ഇട്ടിരിക്കുകയായിരിക്കും.

മിസ്റ്റർ പി. കെ. ഡീവർ: കൃഷിചെയ്യാതെ സ്ഥലം വെറുതെയിട്ടാൽ പീന ചെസ് ചെയ്യുവാനുള്ള നിയമമുണ്ടായതിനുശേഷം എത്ര കേസ്സു അപ്രകാരം എടുത്തിട്ടുണ്ടു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നോട്ടീസു കൊടുക്കുകയുണ്ടായിട്ടുണ്ടു്, ആരേയും ശിക്ഷിച്ചിട്ടില്ല.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: എന്താണു് അതിനു ശിക്ഷ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പിഴയാണു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: പിഴ ഇനത്തിൽ കഴിഞ്ഞ കൊല്ലം എത്ര കിട്ടിയിട്ടുണ്ടു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നോട്ടീസുവേണം.

മിസ്റ്റർ പി. കെ. ഡീവർ: ഇങ്ങിനെ ഒരു നടപടി ഉണ്ടായതിനുശേഷം കൃഷിയിറക്കാത്ത സ്ഥലമുണ്ടോ എന്നന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പ്രത്യേകം അന്വേഷിച്ചിട്ടില്ല. ഞാൻ വന്നതിനുശേഷം അന്വേഷണം നടത്താൻ കല്പന കൊടുത്തിട്ടുണ്ടു്.

Dr. C. L. Joseph *(Irinjalakkuda):* Is there any objection to commandeer the entire paddy produced giving them a little enhanced price and put them on ration card?

Mr. E. Ikkanda Warriar *(Prime-Minister):* That is a big question which the Government have considered several times and Government thought that in the interests of paddy cultivation that would not be helpful.

Dr. C. L. Joseph *(Irinjalakkuda):* Won't the workmen be satisfied with money paid in lieu of paddy paid to them? It is all for paying the coolies that they reserve all paddy.

Mr. E. Ikkanda Warriar *(Prime-Minister):* It is not for paying the coolies.

Dr. C. L. Joseph *(Irinjalakkuda):* Why should cultivators be permitted to hoard paddy?

Mr. E. Ikkanda Warriar *(Pime-Minister):* It is not hoarding. The actual cultivators are given at the rate of 3 paras per month and the land owners are given at the rate of 2¼ paras, *i. e.*, 16 ounces for the actual cultivator and 12 ounces for the land owner.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: യഥാർത്ഥ കർഷകന്മാർ കൊച്ചിരാജ്യത്തെ ജനസംഖ്യയിൽ എത്ര ശതമാനമുണ്ടെന്നു പറയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നോട്ടീസുവേണം.

മിസ്റ്റർ പി. കെ. ഡീവർ: ഫുഡ് പ്രൊക്യൂർമെണ്ടിനെ പറ്റി നടപടി എടുക്കുന്നുണ്ടെന്നു പറഞ്ഞു. ഈയിടെ കടലാസ്സിൽ കണ്ടു, പാലിയത്തേക്കുള്ള നെല്ലു് അറയിൽ കിടന്നു് പൂത്തുപോകുന്നു, ആ നെല്ലു് ആക്കം എടുക്കുവാൻ സാധിക്കുന്നില്ല എന്നു്. അതിനെപ്പറ്റി അന്വേഷണം നടത്തിയോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: പാലിയത്തുള്ള അംഗങ്ങൾക്കു് ഇക്കൊല്ലത്തെ ചിലവിനു കൊടുത്തിരിക്കുന്ന നെല്ലാണു് അതു് എന്നാണു് മാനേജർ പറയുന്നതു്.

മിസ്റ്റർ വി. കെ. അച്യുതമേനോൻ: അറ ഒഴിവാക്കി കൊടുക്കണമെന്നു മാനേജർ പറഞ്ഞിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ആ നെല്ലെടുത്താൽ അവരുടെ ചിലവിനു മതിയാകാതെ വരും.

മിസ്റ്റർ പി. കെ. ഡീവർ: അവരുടെ ചിലവുകഴിഞ്ഞു് അറയിൽ നെല്ലു് ബാക്കിയുള്ളതു് വാങ്ങുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അവിടെ എല്ലാവക്കും ഒരു ക്ലിപ്തതോതിൽ ഫ ഠം ഫ ന -ം പറ നെല്ലുവീതം അനുവദിച്ചു കൊടുത്തിട്ടുണ്ടു്. കഴിഞ്ഞ മാസത്തേക്കുള്ള നെല്ലു് അവിടെയുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: പതിനായിരപ്പറ നെല്ലു് അവിടെ ബാക്കി കിടപ്പുണ്ടെന്നു പറഞ്ഞു.....

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു ശരിയല്ല.

മിസ്റ്റർ പി. കെ. ഡീവർ: പാലിയത്തേക്കു ഒരാൾക്കു ഫ ഠ—ം ഫ ന—ം പറ നെല്ലു ശമ്പളമായി കൊടുക്കുന്നുണ്ടു്. ഇത്രയും നെല്ലു ഒരാളുടെ ചിലവിനു വേണ്ടിവരുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അവർക്കു ഇപ്പോൾ ആവശ്യമുള്ള നെല്ലേ കൊടുക്കുന്നുള്ളൂ.

മിസ്റ്റർ പി. കെ. ഡീവർ: ഇതിനെപ്പറ്റി അന്വേഷിക്കാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അന്വേഷിക്കാം.

PANCHAYAT CANAL—CONSTRUCTION OF

48. (11) മിസ്റ്റർ സി. വി. ഇയ്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

(എ) തലപ്പിള്ളി താലൂക്കു കാണിപ്പയ്യൂർ, ചൊവ്വന്നൂർ വില്ലേജിലെ ചില ഭാഗങ്ങളിൽക്കൂടി പയ്യൂർ ദേശത്തും കവണംചിറ്റൂർ ദേശത്തും കൂടിയുള്ള കീഴ്പാടത്തു് ഫ ഫ ന -ന്റെയും ഫ ഫ ഠ -ന്റെയും ഇടക്കു കൃഷിയുടെ നന്മക്കുവേണ്ടി പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിൽനിന്നും ഏതാനും ഉണ്ടാക്കിച്ചു നിർത്തിയതായ തോടു പുതുശ്ശേരി പാടത്തുള്ള പറയൻതോടിലേക്കു സംഘടിപ്പിക്കാനുണ്ടായിരുന്നതും ഇപ്പോൾ നിർത്തിവെച്ചിട്ടുള്ളതുമായ പദ്ധതി കൃഷിയുടെ നന്മക്കും അഭിവൃദ്ധിക്കുംവേണ്ടി തുടർന്നു തുറപ്പിക്കാൻ വല്ല നടപടികളും ഗവൺമെണ്ടു് ആരംഭിച്ചിട്ടുണ്ടോ;

(ബി) മേൽപറഞ്ഞ തോടുപണി കുറെ ആരംഭിച്ചു പിന്നീടു നിർത്തലാക്കിയതിനുള്ള കാരണം എന്താണു് എന്നു ദയവായി പ്രസ്താവിക്കുമോ;

(സി) മേൽപറഞ്ഞ തോടിന്റെ പണി പൂർത്തിയാക്കുന്നതിനുള്ള സ്ഥലം കിട്ടുവാൻ പുലിക്കോട്ടിൽ ഇട്ടിക്കുരു മകൻ ഉതുപ്പു് ഒഴികെയുള്ള എല്ലാ കർഷകരും വില പിന്നീടു കിട്ടാനുള്ള വ്യവസ്ഥയിന്മേൽ കച്ചീട്ടു തന്നിട്ടുണ്ടോ;

(ഡി) ടി ഉതുപ്പിനു കച്ചീട്ടു തരാൻ മനസ്സില്ലെങ്കിൽ കർഷകരുടെ പൊതുനന്മയും കൂടുതലായി ഭക്ഷ്യോല്പാദനത്തിന്റെ അത്യാവശ്യവും പരിഗണിച്ചു് അടയന്തിര നടപടികൾ എടുത്തു് ആവശ്യമായ സ്ഥലം ഉടനെതന്നെ അക്വയർ ചെയ്യുന്നതിനും ആ വിധം തോടുപണി പൂർത്തിയാക്കാനും ഗവൺമെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഗവൺമെണ്ടു് ഈ തോടിന്റെ ആവശ്യത്തിനുവേണ്ടി സ്ഥലവില കൊടുത്തിട്ടുള്ളതും ഇപ്പോഴും തോടുണ്ടാക്കീട്ടില്ലാത്തതുമായ സ്ഥലം ഈ പാടത്തുതന്നെ ഇനിയും ബാക്കി കിടപ്പുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ആ തരം സ്ഥലം എത്രയുണ്ടു്;

(ജി) മേൽപറഞ്ഞ പദ്ധതിയുടെ ഒരു പ്ലാൻ മേശപ്പുറത്തു വെക്കാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly